ഫീൽഡ് വെരിഫിക്കേഷൻ റിപ്പോർട്ടനുസരിച്ച് ഏറ്റവും അർഹതയുള്ള ഗുണഭോക്താക്കളെ മുൻഗണനാ ക്രമത്തിൽ ലിസ്റ്റിൽ ഉൾപ്പെടുത്തി ഓരോ ജില്ലയിലും അനുവദിച്ച ക്വാട്ടയ്ക്ക് ആനുപാതികമായാണ് ആനുകൂല്യം നൽകുന്നത്. പ്രസ്തുത സർക്കാർ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ വകുപ്പ് തയ്യാറാക്കിയ മാനദണ്ഡം ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ ടി പദ്ധതിക്കായി 19 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 5 കോടി രൂപയും ടി പദ്ധതിക്കായി ചെലവഴിച്ചുവരുന്നു. വീടുകളുടെ നിർമ്മാണ പുരോഗതി ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.*

(ബി) സ.ഉ.(സാധാ) നമ്പർ 7402/2013/പൊ.ഭ.വ. തീയതി 7-9-2013, സ.ഉ.(സാധാ) നമ്പർ. 4306/2014/പൊ.ഭ.വ. തീയതി 2-6-2014 എന്നീ ഉത്തരവുകൾ പ്രകാരം നിലവിൽ ഗ്രാമസഭകൾ മുഖാന്തിരം തെരഞ്ഞെടുക്കുന്ന രീതി സ്വീകരിക്കുവാൻ കഴിയില്ല. ന്യൂനപക്ഷ മതവിഭാഗങ്ങളിലെ വിധവകൾ/വിവാഹമോചിതർ/ ഉപേക്ഷിക്കപ്പെട്ടവർ എന്നീ പ്രത്യേക വിഭാഗങ്ങളെ മാത്രമാണ് ഈ പദ്ധതിക്കായി പരിഗണിക്കുന്നത്. കൂടാതെ ടി സർക്കാർ ഉത്തരവിൽ വിവരിക്കുന്ന പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡം അടിസ്ഥാന മാക്കിയാണ് വകുപ്പ് ടി പദ്ധതിക്കായി ഏറ്റവും അർഹരായവരുടെ മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നത്.

ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥരുടെ വിമാനയാത്രകൾ

324 (3306) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ന്യൂനപക്ഷ ക്ഷേമ വകുപ്പിലെ ഉദ്യോഗസ്ഥർ 2012-13, 2013-14, 2014-15 എന്നീ വർഷങ്ങളിൽ ഇതുവരെ എത്ര വിമാനയാത്രകൾ നടത്തി ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) എന്തിനു വേണ്ടിയായിരുന്നു പ്രസ്തുത വിമാനയാത്രകൾ നടത്തിയത് ;

(സി) പ്രസ്തുത യാത്രകളുടെ ഫലം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ ;

(ഡി) ആരൊക്കെയാണ് പ്രസ്തുത വിമാനയാത്രകൾ നടത്തിയതെന്നും ആയിനത്തിൽ സർക്കാർ ഖജനാവിൽ നിന്നും എത്ര തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർ 2012-13 മുതൽ 2014-15 വർഷങ്ങളിൽ 28-5-2012, 7-6-2012, 16-8-2012, 28-9-2012, 22-11-2012, 12-3-2013, 8-4-2013, 21-10-2013, 13-1-2014, 20-11-2014 തീയതികളിലായി ആകെ 10 വിമാനയാത്രകൾ നടത്തിയിട്ടുണ്ട്.

(ബി) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം (MOMA), ദേശീയ ന്യൂനപക്ഷ കമ്മീഷൻ (NCM), ദേശീയ മൈനോറിറ്റി ഡവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ (NMDFC) എന്നിവ വിളിച്ചു ചേർത്ത യോഗങ്ങളിൽ പങ്കെടുക്കുന്നതിനാണ് സർക്കാർ ഉത്തരവ് പ്രകാരം വിമാനയാത്ര നടത്തിയത്.

(സി) കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയം, ദേശീയ ന്യൂനപക്ഷ കമ്മീഷൻ, ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ എന്നിവയുമായി ബന്ധപ്പെട്ട് മീറ്റിംഗുകളിൽ/റിവ്യൂ മീറ്റിംഗുകളിൽ സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ശ്രദ്ധയിൽ പ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. 11-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് 2011-ൽ ന്യൂനപക്ഷ മന്ത്രാലയത്തിന്റെ ഫണ്ട് വിനിയോഗത്തിൽ ഏറ്റവും പുറകിൽ 16-ാം സ്ഥാനത്ത് നിന്നിരുന്ന സംസ്ഥാനത്തിനെ രാജ്യത്ത് ഒന്നാം സ്ഥാനത്ത് എത്തിക്കുവാൻ MOMA-യും അവലോകന മീറ്റിംഗുകളിൽ പങ്കെടുക്കുന്നതിലൂടെ കഴിഞ്ഞിട്ടുണ്ട്.

(ഡി) ന്യൂനപക്ഷ ക്ഷേമ ഡയറക്ടറാണ് പ്രസ്തുത വിമാനയാത്ര നടത്തിയത്. ടി ഇനത്തിൽ 2,53,809 രൂപ ചെലവഴിച്ചിട്ടുണ്ട്.

ന്യൂനപക്ഷങ്ങൾക്കുള്ള ഭവന പദ്ധതി

325 (3307) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ന്യൂനപക്ഷങ്ങൾക്കുള്ള ഭവനപദ്ധതി പ്രകാരം 2013-14,2014-15 വർഷങ്ങളിൽ തെരഞ്ഞെടുത്ത ഗുണഭോക്താക്കളുടെ ജില്ല തിരിച്ചുള്ള ലിസ്റ്റ് മേൽവിലാസമുൾപ്പെടെ നൽകുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

(നക്ഷത്ര ചിഹ്നമിടാത്ത 3015, 3068, 3102, 3105, 3112, 3125, 3128, 3131, 3146, 3155, 3185, 3208, 3222, 3229, 3271, 3290 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല)

LIBRARY ARCHIVES Kerala Legislative Assembly